ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ
നീ എനിക്കുത്തരം നൽകി
എൻറെ ഉള്ളിൽ ബലം നൽകി
എന്നെ ധൈര്യപ്പെടുത്തി
എൻ വഴി കുറവു തീർത്തു – 2

കഷ്ടങ്ങൾ തീർന്നിടാറായ്
പ്രതിഫലം ലഭിക്കാറായ്
എൻ സാക്ഷി അങ്ങ് സ്വർഗ്ഗത്തിലും
എൻ ജാമ്യക്കാരൻ ഉയരത്തിലും

എണ്ണുന്നെൻ ഉഴൽച്ചകളെ
കണ്ണുനീർ തുരുത്തിയിലും
നിൻറെ പുസ്തകത്തിലവ എഴുതിയിരിക്കയാൽ – 2
ഒന്നിലും ഭയപ്പെടില്ല – 2
കഷ്ടങ്ങൾ...
യഹോവ എൻ പരിപാലകൻ
വലഭാഗത്തെന്നും തണലും
പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനാകിലും – 2
ഒന്നും എന്നെ ബാധിക്കയില്ല – 2
കഷ്ടങ്ങൾ...
ആറു കഷ്ടം കഴിയും
ഏഴാമത്തേതിലും കാക്കും
തിന്മ തൊടാതവൻ നന്മയാൽ കാത്തിടും – 2
വൻ കൃപയിൽ ദിനവും – 2
കഷ്ടങ്ങൾ...

Njaan Vilicchapekshiccha Naalil
Nee Enikkuttharam Nalki
Enre Ullil Balam Nalki
Enne Dhyryappetutthi
En Vazhi Kuravu Theertthu – 2

Kashtangal Theernnitaaraayu
Prathiphalam Labhikkaaraayu
En Saakshi Angu Svarggatthilum
En Jaamyakkaaran Uyaratthilum

Ennunnen Uzhalcchakale
Kannuneer Thurutthiyilum
Ninre Pusthakatthilava Ezhuthiyirikkayaal – 2
Onnilum Bhayappetilla – 2
Kashtangal...
Yahova En Paripaalakan
Valabhaagatthennum Thanalum
Pakal Sooryanenkilum Raathri Chandranaakilum – 2
Onnum Enne Baadhikkayilla – 2
Kashtangal...
Aaru Kashtam Kazhiyum
Ezhaamatthethilum Kaakkum
Thinma Thotaathavan Nanmayaal Kaatthitum – 2
Van Krupayil Dinavum – 2
Kashtangal...